ഖുത്ബ
1.7.2005
ടൊറോൺഡോ, കാനഡ

بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# സ്നേഹിക്കുന്ന ഹൃദയമുള്ളിടത്ത് കുഴപ്പക്കാരനായ ശയ്ത്താനുമുണ്ടാകും

അൽഹംദുലില്ലാഹ്. കാനഡ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസാ സാലാന അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിഞ്ഞ ഞായറാഴ്ച സമംഗളം സമാപിക്കുകയുണ്ടായി. ഈ ജൽസയ്ക്ക് അതിന്റേ തായൊരു അന്തരീക്ഷമുണ്ട്. ഇതിൽ വിവിധ ചുറ്റുപാടുകളിൽ വസിക്കുന്നവരും വിവിധ തരക്കാരും ഒരേയൊരു ലക്ഷ്യത്തിനുവേണ്ടി സംഘടിക്കുന്നു. ബലഹീനരായ ജമാഅത്തംഗങ്ങളും ഒരുപ്രാവശ്യം ജൽസയിൽ പങ്കെടുത്താൽ ജമാഅത്തിനോടും ഖിലാഫത്തിനോടും ആത്മാർത്ഥതയും ബന്ധവും കൂറും അവരിൽ കൂടുന്നതായി കാണാറുണ്ട്.

വിവിധ വിഭാഗങ്ങൾ ചെയ്ത സേവന പ്രവൃത്തികളാണ് മറ്റൊന്ന്. അതിൽ ചില വിഭാഗങ്ങളിലെ പ്രവർത്തകർ ഞാൻ ഇവിടെ നില്ക്കുന്ന കാരണത്താൽ ഇപ്പോഴും പ്രവർത്തനനിരതരാണ്. സാധാരണ ചെയ്ത് ശീലമില്ലാത്ത പണികൾ എടുക്കേണ്ടിവരുന്ന ആളുകളും അവരിലുണ്ട്. സമ്പന്നരും വിദ്യാസമ്പന്നരുമായിട്ടുള്ള ആളുകൾ ജൽസയിൽ വരുന്ന അതിഥികളെ സേവിച്ച് അതിൽ അഭിമാനം കൊള്ളുന്നവരാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസ വളരെ നല്ല നിലയിൽ കഴിഞ്ഞു. ബലഹീനരായ അഹ്മദികൾ ജൽസയിൽ പങ്കെടുക്കുമ്പോൾ അവർക്ക് ജമാഅത്തുമായി ഒരു പ്രത്യേക ബന്ധമുണ്ടാകുന്നു. ഞാൻ വിവിധ സ്വഭാവക്കാരും വിവിധ തരത്തിൽപ്പെട്ടവരുമായ ആളുകൾ ചെയ്യുന്ന സേവനപ്രവൃത്തിയെക്കുറിച്ചാണ് പറഞ്ഞത്. ഇവരെല്ലാം ഒരേ വികാരത്തോടുകൂടി അതിഥികളെ സ്വീകരിക്കുന്നു. വരുന്ന അതിഥികൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളാണെന്ന ഒറ്റക്കാരണത്താലാണിത്. സത്യസന്ധമായ കാര്യങ്ങൾ കേൾക്കുന്നതിനുവേണ്ടി വരുന്ന അതിഥികളാണ് അവർ.

പീസ് വില്ലേജിൽ താമസിക്കുന്ന ഒരുപാട് അഹ്മദികളുമുണ്ട്. അവർ സ്വന്തം വീടുകൾ തങ്ങളുടെ അതിഥികൾക്കായി വിട്ടുകൊടുത്തുവെന്ന് ഞാൻ ആദ്യം പറഞ്ഞു. ജൽസയിൽ പങ്കെടുക്കാൻ വരുന്ന അതിഥികളെ സേവിക്കാനുള്ള അവസരം തങ്ങൾക്ക് അല്ലാഹുതആല നല്കുന്നുവെന്നോർത്ത് അവർ സന്തോഷിക്കുന്നു. ഇതുകൂടാതെ മറ്റു സ്ഥലങ്ങളിലുള്ള അഹ്മദീവീടുകളിലും അതിഥികൾ താമസിച്ചിരുന്നു. എല്ലാവരും ഇങ്ങനെ സന്തോഷത്തോടെ അതിഥികളെ സേവിക്കുകയുണ്ടായി. ഈ പട്ടണത്തിൽ കൂടുതൽ അതിഥികൾ എത്താൻ കാരണം എന്റെ താമസം ഇവിടെയായതുകൊണ്ടാകാം. എന്തായാലും ജമാഅത്ത് ഒരു മാലയിൽ കോർക്കപ്പെട്ടതായതുകൊണ്ടും, ഖിലാഫത്ത് വ്യവസ്ഥിതിയോട് അവർക്ക് ബന്ധവും സ്നേഹവും ഉള്ളതുകൊണ്ടും ഖലീഫയുടെ ആംഗ്യത്തിൽ ഇരിക്കുകയും എഴുന്നേല്ക്കുകയും ചെയ്യുന്നവരായതുകൊണ്ടുമാണ് ആത്മാർത്ഥതയുടേയും പരസ്പരമുള്ള സ്നേഹത്തിന്റേയും അതിഥിസൽക്കാരത്തിന്റേയും ഇത്തരം കാഴ്ചകൾ നമുക്ക് കാണാൻ കഴിയുന്നത്. അഹ്മദിയ്യാ ജമാഅത്തിനു വെളിയിൽ എവിടേയും ഇത്തരം കാഴ്ചകൾ കാണുകയില്ല. ജമാഅത്തംഗങ്ങൾക്ക് ഖിലാഫത്തുമായുള്ള ബന്ധവും ഖലീഫയ്ക്ക് അംഗങ്ങളുമായുള്ള ബന്ധവും ഭൗതീകരായ ആളുകളുടെ ഭാവനയ്ക്കുപോലും അതീതമാണ്. അതിനെ വലയം ചെയ്യാൻ അക്കൂട്ടർക്ക് സാദ്ധ്യമേയല്ല.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) സത്യം തന്നെയാണ് പറഞ്ഞത്; ജമാഅത്തും ഖലീഫയും ഒരേ അസ്തിത്വത്തിന്റെ രണ്ടുപേരാണ്. ഖിലാഫത്തും ജമാഅത്തും തമ്മിലുള്ള ഈ ബന്ധം ഈ ജൽസകളിൽ വീണ്ടും വർദ്ധിച്ച് മുന്നിൽ വന്നിരിക്കുകയാണ്. അൽഹംദുലില്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡ ജമാഅത്തും ഈ ആത്മാർത്ഥതയുടേയും കൂറിന്റേയും ബന്ധത്തിൽ വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു എന്ന് കാണുമ്പോൾ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹുത

ആല നിങ്ങളുടെ ഈ ബന്ധം വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുമാറാകട്ടെ. ഈ ആവേശവും വികാരവും താൽക്കാലികമായിപ്പോവാതിരിക്കട്ടെ. എപ്പോഴും ആത്മാർത്ഥതയും കൂറും പ്രകടിപ്പിച്ചിട്ടുള്ളവരാണ് നിങ്ങൾ. മെയ് 27-ന് ഞാൻ ഖിലാഫത്ത് എന്ന വിഷയത്തെക്കുറിച്ച് ഖുത്ബ കൊടുത്തപ്പോൾ, ജമാഅത്ത് അടിസ്ഥാനത്തിലും വ്യക്തിഗതമായ നിലയിലും വിവിധ സ്ഥലത്തുനിന്ന് ഏറ്റവുമാദ്യം ആത്മാർത്ഥതയും കൂറും സ്പർശിച്ചുകൊണ്ടുള്ള ഏറ്റവുമധികം കത്തുകൾ എനിക്ക് കിട്ടിയത് കാനഡയിൽനിന്നാണ്. ഈ സ്നേഹത്തിന്റേയും കൂറിന്റേയും പ്രകടനവും വാദവും താൽക്കാലികമായ ആവേശം കൊണ്ടാകാതെ, എന്നെന്നും നിലനില്ക്കുന്നതായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഇത് നിങ്ങളുടെ മക്കളിലും ഉണ്ടാകുകയും അത് നിലനില്ക്കുകയും ചെയ്യുമാറാകട്ടെ.

സ്നേഹിക്കുന്ന ഹൃദയങ്ങൾ ഉള്ളിടത്ത് ഫിത്ന ഉണ്ടാക്കുന്ന ശയ്ത്വാനും ഉണ്ടാകുമെന്ന കാര്യം ഓർക്കുക. ഈ ബന്ധത്തെ തകർക്കാനും അതിൽ വിള്ളലുണ്ടാക്കാനും അവൻ ശ്രമിക്കുന്നു. അതുകൊണ്ട് അത്തരക്കാരെ തൊട്ടും നിങ്ങൾ ജാഗരൂകരായിരിക്കേണ്ടതാണ്. നിങ്ങൾ ചുറ്റുപാടും ദൃഷ്ടി പതിപ്പിച്ചുകൊണ്ടിരിക്കണം. എവിടെനിന്നെങ്കിലും ജമാഅത്തിന്റെ അന്തസ്സിന് നിരക്കാത്തതും ഖിലാഫത്തിനെ ധിക്കരിക്കുന്നതുമായ കാര്യം കേട്ടാൽ, താമ സംവിനാ ഭാരവാഹികളെ അത് അറിയിക്കുക. അമീർ സാഹിബിനേയും എന്നേയും അറിയിക്കുക. കാരണം ചിലപ്പോൾ അത് പ്രത്യക്ഷത്തിൽ നിസ്സാരമായ കാര്യമായി തോന്നാം പക്ഷെ, അകമേ അത് പഴുത്തുകൊണ്ടേയിരിക്കും. പിന്നെ ബലഹീന പ്രകൃതക്കാരെ നശിപ്പിക്കുന്നതിന് കാരണമായിത്തീരുകയും ചെയ്യും. ഭാരവാഹികളും, അത്തരം കാര്യങ്ങൾ കേട്ടാൽ ഉപരിതലം മാത്രം നോക്കുന്നതിന് പകരം അതിനെക്കുറിച്ച് അന്വേഷിക്കേണ്ടുന്ന ശീലമുള്ളവരായിത്തീരണം. അല്ലെങ്കിൽ കുറഞ്ഞപക്ഷം ആ ഭാഗത്തേക്ക് എപ്പോഴും ദൃഷ്ടി പതിപ്പിച്ചുകൊണ്ടിരിക്കേണ്ടതാണ്. അത്തരം സംഭവങ്ങൾ ഒരിക്കൽ കേട്ടാൽ അത് മനസ്സിൽ വയ്ക്കുക. വീണ്ടും കേൾക്കാൻ ഇടയായാൽ അതിലേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കുക. അമീർസാഹിബിനെയും അദ്ദേഹം മുഖേന എന്നേയും കാര്യങ്ങൾ അറിയിക്കുക. ഞാൻ പറഞ്ഞു, ചിലപ്പോഴത് വളരെ ചെറിയ കാര്യമായിത്തോന്നാം. അതുകൊണ്ട്തന്നെ അതിന്റെ പശ്ചാത്തലത്തെക്കുറിച്ച് എല്ലാവരും അറിഞ്ഞുകൊള്ളണമെന്നില്ല. അതിന്റെ വേര് വേറെ എവിടെയെങ്കിലുമായിരിക്കും. അതിനാൽ ഒരു ഫിത്നയേയും ഒരിക്കലും ചെറുതായി കാണരുത്. താൽക്കാലികമായുണ്ടായ ദ്വേഷ്യത്താൽ പറയുന്ന കാര്യമാണെങ്കിൽ അത് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നതാണ്. ആ താൽക്കാലികമായുണ്ടാകുന്ന പരിഭവത്തേയും പരാതിയേയും അകറ്റാൻ നിങ്ങൾ ശ്രമിക്കാറുമുണ്ട്. അങ്ങനെതന്നെയാണ് വേണ്ടതും. ഭാരവാഹികളും അത് ചെയ്യേണ്ടതാണ്. ഭാരവാഹികൾ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ സാധാരണക്കാർ അവരിൽനിന്നകലാൻ അത് കാരണമാകും.

ഏതെങ്കിലും കാര്യത്തെക്കുറിച്ച് ഒരു സദസ്സിൽ ചർച്ചയുണ്ടായാൽ അത് ഉപദ്രവമുണ്ടാക്കുന്നതാണോ എന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. നിസാമിന്നെതിരിലുള്ള ദുർഗ്ഗന്ധം വമിക്കുന്ന ഇത്തരം കാര്യങ്ങൾ എവിടെനിന്നെങ്കിലും അനുഭവപ്പെട്ടാൽ അതിലേക്ക് ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇവിടെയുൾപ്പെടെ എല്ലായിടത്തുമുള്ള ഭാരവാഹികളും അമീറുമാരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ നിങ്ങളെ ഒരു കോട്ടയിൽ അല്ലെങ്കിൽ ഒരു പെട്ടിയിൽ അടച്ചു മൂടിയോ വളച്ചുകെട്ടിയോ വയ്ക്കരുത്. ഇത്തരം കാര്യങ്ങളെക്കുറിച്ചൊക്കെ റിപ്പോർട്ട് തരുന്ന ആളുകൾ നിങ്ങളുടെ ചുറ്റും ഉണ്ടായിരിക്കണം, എന്നല്ല ഓരോ അമീറിനും ഓരോ ഭാരവാഹിക്കും സാധാരണക്കാരായ ഓരോ അഹ്മദിയുമായി ബന്ധമുണ്ടായിരിക്കേണ്ടതാണ്; ഓരോ തരത്തിലുള്ള വ്യക്തികളുമായി നിങ്ങൾക്ക് നേരിട്ട് ബന്ധമുണ്ടാകണം. ചിലപ്പോൾ ചില ചെറുപ്പക്കാരും അത്തരം കാര്യങ്ങൾ അറിയിക്കാറുണ്ട്. പരിചയസമ്പന്നരും പ്രായംചെന്നവരുമായ ആളുകളിൽനിന്ന് വരാത്ത ബുദ്ധിപൂർവ്വകമായ കാര്യങ്ങൾ അവർ പറയാറുമുണ്ട്. അതുകൊണ്ട് ചെറുപ്പക്കാരും പഠിപ്പ് കുറഞ്ഞവരും പറയുന്ന കാര്യങ്ങളെ നിന്ദാദൃഷ്ടിയോടെ നിങ്ങൾ കാണരുത്. എന്നല്ല, അവർ പറയുന്ന ഓരോ കാര്യങ്ങളും ശ്രദ്ധയോടെ കേൾക്കുകയും വേണം. ചിലപ്പോൾ ചെറുപ്പക്കാരിൽ ചില ചോദ്യങ്ങൾ ഉണ്ടായെന്നു വരാം. ഈ സമൂഹത്തിലെ ഇന്നത്തെ യുവാക്കളുടെ ബുദ്ധിയിൽ, അങ്ങനെയെന്താണ്? ഇങ്ങനെയെന്താണ്? അതെന്തുകൊണ്ടല്ല? എന്നൊക്കെയുള്ള ചോദ്യങ്ങൾ സർവസാധാരണമാണ്. അതുകൊണ്ട് ഫിത്ന ഉണ്ടാക്കുന്ന ഒരുത്തനും അവരെ ഉപയോഗിക്കാൻ അവസരം കിട്ടാതിരിക്കുന്നതിനുവേണ്ടി ഖുദ്ദാമുൽ അഹ്മദിയ്യായും ലജ്ന ഇമായില്ലായും ജമാഅത്തിലെ ഭാരവാഹികളും അത്തരം ചെറുപ്പക്കാർക്ക് തൃപ്തികരമായ മറുപടി പറഞ്ഞുകൊടുക്കേണ്ടതാണ്.

ജമാഅത്തിന്റെ ഭാരവാഹികൾ വെറും സ്ഥാന ത്തിരിക്കാൻ വേണ്ടിയുള്ളവരല്ല. സേവനത്തിനായി ട്ടാണ് അവർ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. അവർ ഖിലാഫത്ത് വ്യവസ്ഥിതിയുടെ ഭാഗമായ ജമാഅത്ത് വ്യവസ്ഥിതിയുടെ ഒരു കണ്ണിയാണ്. ഓരോ ഭാരവാ ഹിയും അവരുടേതായ വൃത്തത്തിനുള്ളിൽ ഖലീഫ യിൽനിന്ന്, ജമാഅത്ത് വ്യവസ്ഥിതിയിൽനിന്ന് ഭര മേല്പിക്കപ്പെട്ട പ്രവൃത്തികൾ ചെയ്യാൻ നിർബന്ധി തരാണ്. അതുകൊണ്ട് ഒരു ഭാരവാഹി അത്യധ്വാന ത്തോടും വിശ്വസ്തതയോടും നീതിയുടെ തേട്ടങ്ങളെ പൂർത്തീകരിച്ചുകൊണ്ട് താൻ ചെയ്യേണ്ട കാര്യം ചെയ്യേണ്ടതാണ്. അങ്ങനെ ജനങ്ങൾ സ്നേഹിക്കുന്ന ഭാരവാഹിയായിത്തീരേണ്ടതാണ്. ഇതിനെക്കുറിച്ച് ഒരു ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു. 'നിങ്ങളുടെ ഉത്തമനായ നേതാവ് നിങ്ങൾ സ്നേഹിക്കുകയും നിങ്ങളെ സ്നേഹിക്കു കയും ചെയ്യുന്ന ആളാണ്'. അതുകൊണ്ട് ഖലീഫ യുടെ പ്രതിനിധിയായിക്കൊണ്ട് നീതി എന്താണോ ആവശ്യപ്പെടുന്നത് അത് പൂർത്തിയാക്കി ജനങ്ങളെ നിങ്ങൾ സേവിക്കേണ്ടതാണ്. ഖലീഫയുടെ കടമക ളെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞി രിക്കുന്നു. ***ഫഹ്ക്കും ബയ്നന്നാസി ബിൽഹഖ്ഖി വലാ തത്തബിഇൽ ഹവാ ഫയുളില്ലക്ക അൻസബീ ലില്ലാഹി*** അതായത് മനുഷ്യർക്കിടയിൽ നീ നീതി പൂർവ്വം വിധി കല്പിക്കുക. നീ സ്വേച്ഛയെ പിൻപറ്റ രുത്. എങ്കിൽ അത് നിന്നെ അല്ലാഹുവിന്റെ മാർഗ്ഗ ത്തിൽനിന്ന് വ്യതിചലിപ്പിച്ചുകളയും. (*38:27*)

ഭാരവാഹികളെ ഖലീഫ വിശ്വസിച്ചിരിക്കുകയാ ണ്. അവരിൽനിന്ന് അവരിലർപ്പിതമായിട്ടുള്ള കാര്യം നീതിയോടുകൂടി അവർ നടത്തുമെന്ന് പ്രതീക്ഷിക്കു കയും ചെയ്യുന്നു. കാരണം എല്ലായിടത്തും നേരി ട്ടെത്തി തീർപ്പ് കല്പിക്കുക എന്നത് ഖലീഫയെ സംബന്ധിച്ചിടത്തോളം ദുഷ്കരമാണ്. അത് സാദ്ധ്യ മേയല്ല. ഭാരവാഹികൾ-അവരിൽ ഖാസിമാരും മറ്റു ഭാരവാഹികളും ഉൾപ്പെടുന്നു- തങ്ങളിലർപ്പിതമായി ട്ടുള്ള കടമകൾ നീതിയോടുകൂടി നിർവ്വഹിക്കുന്നി ല്ലെങ്കിൽ അവർ അല്ലാഹുവിന്റെ പിടിത്തത്തിന് നേരെ താഴെയാണുള്ളത്. എന്റെ ദൃഷ്ടിയിൽ അവർ ഇരട്ടി പാപം ചെയ്യുന്നവരും പാപങ്ങൾക്കിരയായിത്തീരു ന്നവരുമാണ്. ഒന്ന് അവരിൽ അർപ്പിതമായ കടമകൾ ശരിയായ നിലയിൽ നിറവേറ്റാതെ രണ്ട്, ഖലീഫയുടെ സ്ഥാനത്തിന് ക്ഷതമേല്പിച്ചുകൊണ്ട്. ഖലീഫയുടെ മുമ്പിൽ ഖലീഫയുടെ പ്രതിനിധി എന്ന നിലയിൽ ശരിയായ അവസ്ഥ അവർ സമർപ്പിക്കുന്നില്ല. ഖലീ ഫയെ ഓരോ കാര്യവും അറിയിക്കുക എന്നത് ഭാര വാഹികളുടെ കടമയാണെന്ന് ഞാൻ ആദ്യമേ പറ യുകയുണ്ടായി. ചിലപ്പോൾ ചിലയാളുകൾ- അവ രിൽ ഭാരവാഹികളും ഉൾപ്പെടുന്നു- ഓരോ കാര്യവും ഖലീഫയെ അറിയിച്ച് എന്തിന് അദ്ദേഹത്തെ വിഷ മിപ്പിക്കുന്നു എന്ന് ചോദിക്കാറുണ്ട്. സ്വന്തം വിഷമം അധികമെഴുതി അറിയിക്കേണ്ട എന്ന് സാധാരണ ക്കാരും പറയാറുണ്ട്. എന്നാൽ, ഖലീഫയ്ക്ക് അല്ലാഹു നല്കുന്ന സഹനശക്തിയും വിഷമം പിടിച്ച കാര്യങ്ങൾ കേൾക്കാൻ നല്കിയിട്ടുള്ള ധൈര്യവും ഖിലാഫത്ത് സ്ഥാനം നല്കി അനുഗ്രഹിച്ചശേഷം അതിനെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയും മറ്റാർക്കും അല്ലാഹു നല്കുന്നില്ല. അതുകൊണ്ട് ഈ ചുമതലകളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖലീഫയ്ക്ക് നിർവഹിക്കേണ്ടതായി വരും. അതി നുള്ള ശക്തി അല്ലാഹുതന്നെ വർദ്ധിപ്പിച്ചുകൊടുക്കു കയും ചെയ്യും. അതുകൊണ്ട് ഖലീഫയെ ബുദ്ധിമു ട്ടിക്കണ്ട എന്നുപറയുന്നത് തെറ്റാണ്. ഒരു ബുദ്ധിമുട്ടു മില്ല. ഈ രീതിയിൽ ബുദ്ധിമുട്ടിക്കുക എന്നത് അനു വദനീയമാണ് എന്നല്ല ഓരോരുത്തരുടേയും നിർബന്ധ കടമയാണ്. അതുകൊണ്ട് ഇത്തരം ചിന്താഗതികൾ ഭാരവാഹികൾ ഉപേക്ഷിക്കുക. അങ്ങനെ എന്നേയും പാപിയാക്കുന്നതിൽനിന്നും സ്വയം പാപിയാകുന്ന തിൽനിന്നും രക്ഷപ്പെടുക. അഥവാ സ്വഭാവ പരിഷ്ക രണത്തിന്നായി ഏതെങ്കിലും വലിയ ആൾക്കെതി രിൽ നടപടിയെടുക്കേണ്ടി വന്നാൽ, നടപടിയെടുക്കു കതന്നെ വേണം. അയാൾ എന്ത് വിചാരിക്കും എന്ന ചിന്ത നിങ്ങൾക്കുണ്ടാകാൻ പാടില്ല. തീരുമാനം സദു ദ്ദേശ്യത്തോടും തഖ്വയോടുംകൂടി എടുക്കുകയാണെ ങ്കിൽ അല്ലാഹുവിന്റെ പിന്തുണയും സഹായവും എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടാകുമെന്ന് ഓർമ്മി ക്കുക. അഹ്മദിയ്യാ ജമാഅത്ത് ദൈവികജമാഅത്ത് തന്നെയാണ്. അതിനെ മുന്നോട്ട് നയിക്കുന്നത് അല്ലാഹുതന്നെയാണ്. അവൻ തന്നെയായിരിക്കും തുടർന്നും അതിനെ നയിച്ചുകൊണ്ടിരിക്കുന്നതും. ഒരു പരിധിവരെ ചില ഭാരവാഹികൾക്ക് അവരുടെ പ്രവർത്തനം മറച്ചുവെക്കാൻ കഴിയും. പക്ഷെ, ഏതെ ങ്കിലും രീതിയിൽ അത് വേണ്ടപ്പെട്ടവർ അറിയും എന്നതിൽ സംശയമില്ല; എന്നല്ല. അത്തരക്കാരിൽ നിന്ന് ആ സേവനത്തിന്റെ അവസരം തട്ടിപ്പറിച്ചെടു ക്കുകയും ചെയ്യും. അതിൽനിന്ന് അവരെ നീക്കം ചെയ്യുന്നതുമാണ്. അതിനാൽ ഓരോ ഭാരവാഹിയും തഖ്വയോടുകൂടി പ്രവർത്തിച്ചുകൊണ്ട് എപ്പോഴും തങ്ങളിൽ അർപ്പിതമായ കടമകൾ നിർവഹിച്ചുകൊ ണ്ടിരിക്കുക. നിങ്ങളുടെ തീരുമാനം നിങ്ങളുടെ പ്രവൃത്തി ഒരിക്കലും ശരീരേച്ഛയ്ക്ക് വിധേയമായി

ട്ടുള്ളതാകാതിരിക്കട്ടെ. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

മറ്റൊന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്ന കാര്യം ജമാഅത്തിലെ അംഗങ്ങളോടാണ്. മുമ്പേയും ഞാനിത് പറഞ്ഞിട്ടുള്ളതാണ്. ജമാഅത്തിലെ ഭൂരി ഭാഗം ആളുകളും ഖിലാഫത്തുമായി ആത്മാർത്ഥ ബന്ധവും കൂറും പുലർത്തുന്നവരാണ്. പക്ഷെ, ഓർത്തുകൊള്ളുക, ഈ പ്രമേയവും ഈ കത്തും കൂറുപുലർത്തുന്നു എന്ന വാദവും സത്യമായി പുല രുന്നത് നിങ്ങൾ ഈ വാദങ്ങളെ നിങ്ങളുടെ ജീവിത ത്തിന്റെ ഭാഗമാക്കിത്തീർക്കുമ്പോഴാണ്. അല്ലാതെ താൽക്കാലികമായുണ്ടായ ആവേശതിമിർപ്പിൽ മുദ്രാ വാക്യം വിളിക്കുകയും, സ്ഥിരമായി ത്യാഗം വരി ക്കുകയും സമയം ത്യാഗം ചെയ്യുകയും ജീവൻ ബലി യർപ്പിക്കുകയും ചെയ്യേണ്ടിവരുമ്പോൾ നൂറു നൂറ് പ്രശ്നങ്ങളുമായി മാറിനില്ക്കുക എന്നതല്ല. നിങ്ങൾക്ക് മുകളിൽപറഞ്ഞ വാദവും ദൈവപ്രീ തിക്കുവേണ്ടി ഖിലാഫത്തിനോട് സ്നേഹവും ഉണ്ടെ ങ്കിൽ ജമാഅത്ത് വ്യവസ്ഥിതിയുടെ ഭാഗമായ ഖിലാ ഫത്ത് വ്യവസ്ഥിതിയേയും പൂർണ്ണമായും അനുസ രിക്കുക. ഖലീഫ, തഖ്‌വയിൽ നിലകൊള്ളാൻ ഉപ ദേശിക്കുമ്പോൾ അത് അല്ലാഹുവിന്റെ കല്പനയനു സരിച്ച് തന്നെയായിരിക്കും നിർദ്ദേശിക്കുന്നത്. അപ്പോൾ അതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കേണ്ട താണ്. ഖിലാഫത്ത് എന്ന സമ്മാനം നിങ്ങൾക്ക് നല്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ഖുർ ആന്റെ വചനത്തിന് മുമ്പേയുള്ള വചനങ്ങളിൽ ഞാൻ ഇപ്പറഞ്ഞ വിഷയമാണ് വിവരിച്ചിട്ടുള്ളത്. അതായത് അല്ലാഹുവിനേയും അവന്റെ റസൂലി നേയും പിൻപറ്റുകയും അല്ലാഹുവിനെ ഭയപ്പെടു കയും അവനിൽ തഖ്‌വയുള്ളവരായിരിക്കുകയും ചെയ്യുക. അപ്പോഴാണ് നിങ്ങൾ വിജയം പ്രാപിക്കു ന്നത്. ഇല്ലെങ്കിൽ, ഞങ്ങൾ ഇത് ചെയ്യും അത് ചെയ്യും, ഞങ്ങൾ പിന്നിലും മുന്നിലും നിന്ന് പോരാടും എന്ന് തുടങ്ങിയ നിങ്ങളുടെ വാദം വെറും പൊള്ളയായി രിക്കും. ഈ വചനങ്ങളിൽ അല്ലാഹു പറയുന്നു

وَمَنْ يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِ فَأُولَٰئِكَ هُمُ الْفَائِزُونَ ۝

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِنْ أَمَرْتَهُمْ لَيَخْرُجُنَّ ۖ قُلْ لَا تُقْسِمُوا ۖ طَاعَةٌ مَعْرُوفَةٌ ۚ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ ۝

ആരെങ്കിലും അല്ലാഹുവിനേയും അവന്റെ ദൂത നേയും അനുസരിക്കുകയും അല്ലാഹുവിനെ ഭയപ്പെ ടുകയും അവനെ സൂക്ഷിക്കുകയും ചെയ്യുന്നതാ യാൽ അവർ തന്നെയാണ് വിജയികൾ. നീ അവ രോട് ആജ്ഞാപിക്കുന്നതായാൽ തീർച്ചയായും തങ്ങൾ അക്കാര്യം നടപ്പിലാക്കുന്നതിനായി പുറപ്പെ ടുന്നതാണെന്ന് അല്ലാഹുവിനെ മുൻനിർത്തി അവർ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പറയുക "നിങ്ങൾ സത്യം ചെയ്യേണ്ട, സാധാരണ നിലയിൽ അറിയപ്പെട്ട അനു സരണമാണ്" (ഞാൻ ആവശ്യപ്പെടുന്നത്) തീർച്ച യായും നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു. (24:53-54)

ഇതാണ് വാദമെങ്കിൽ ആ വാദം സത്യ മാകണമെങ്കിൽ അല്ലാഹുവിനോടും അവന്റെ സൃഷ്ടി കളോടുമുള്ള കടമ നിങ്ങൾ നിറവേറ്റണം. ഈ ജൽസയുടെ ദിനങ്ങളിൽ കേട്ട ഉപദേശങ്ങൾ അനു സരിച്ച് നിങ്ങൾ പ്രവർത്തിക്കാൻ ശ്രമിക്കണം. നിങ്ങ ളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കി ത്തീർക്കണം. എല്ലാ കാര്യങ്ങളും അനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നതായിരിക്കും എന്ന പ്രതിജ്ഞ നിറവേറ്റുകയും വേണം. ഇല്ലെങ്കിൽ ഈ പ്രതിജ്ഞയും ഈ വാദവും വെറും പൊള്ളയാണ്. ഇങ്ങനെ ചെയ്യുന്നവരാണെന്ന് നിങ്ങൾക്ക് വാദിക്കാൻ കഴിയും. പക്ഷെ, ഓർമ്മിച്ചുകൊള്ളുക, വെറും വാദ ം മാത്രമാണെങ്കിൽ നിങ്ങളുടെ ഈ വാദത്തിന് ഇരട്ടി ശിക്ഷയായിരിക്കും അല്ലാഹു നൽകുക. അവൻ ഉള്ളിന്റെ ഉള്ള് അറിയുന്നവനാണ്. നിങ്ങൾ പറയുന്ന കാര്യങ്ങളുടെ യാഥാർത്ഥ്യങ്ങൾ നല്ലവണ്ണം അറിയു ന്നവനാണ്. അതുകൊണ്ട് അവനെ വഞ്ചിക്കാൻ നിങ്ങൾക്ക് സാദ്ധ്യമല്ല. അല്ലാഹുവിനോടുള്ള ഭയം മനസ്സിൽവെച്ചുകൊണ്ട് ഓരോ അഹ്മദിയും ജീവി ക്കാൻ ശ്രമിക്കണം. ഇങ്ങനെ ജീവിക്കുകയാണെ ങ്കിൽ ഖിലാഫത്തുമായുള്ള നിങ്ങളുടെ ബന്ധവും ശക്തി പ്രാപിക്കും. കാരണം അപ്പോൾ ഈ ബന്ധം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയായിരിക്കും. അല്ലാഹു നിങ്ങളിൽ അനുഗ്രഹം ചൊരിഞ്ഞുകൊ ണ്ടിരിക്കുകയും ചെയ്യും. സൽക്കർമ്മം ചെയ്യുന്നവ രാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾക്ക് പാത്രീ ഭൂതരാകുന്നതെന്ന് അല്ലാഹുതആല പറഞ്ഞിരിക്കു ന്നു. ഖിലാഫത്തുമായുള്ള ബന്ധം, സൽക്കർമ്മത്തിന് ശറത്ത് അഥവാ നിബന്ധനയാണ്. അഹ്മദിയ്യാ ഖിലാഫത്ത് ഇൻശാഅല്ലാഹ് നിലനില്ക്കേണ്ടതുത ന്നെയാണ്. അത് അല്ലാഹുവിന്റെ വാഗ്ദാനവുമാണ്. പക്ഷെ, തഖ്‌വയിലൂടെ നടക്കുന്നവർക്കും സൽ കർമ്മങ്ങൾ ചെയ്യുന്നവർക്കുമായിരിക്കും ഖിലാ

ഫത്ത് വ്യവസ്ഥിതിയുമായുള്ള ബന്ധം.

ആത്മപരിശോധന നടത്തിയാൽ നിങ്ങൾക്ക് കാണാൻ കഴിയും, ഏത് വീട്ടിലാണോ നമസ്കാരം കൃത്യമായി അനുഷ്ഠിക്കപ്പെടുന്നത് അവർക്ക് ജമാഅത്തുമായുള്ള ബന്ധവും കൂടുതലായിരിക്കും. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുന്നവർക്ക് ഖിലാഫത്തിനോടുള്ള ബന്ധവും അധികമായിരിക്കും. നമസ്കാരത്തിൽ വീഴ്ചയുണ്ടാവുകയും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുന്നതിൽ താല്പര്യമില്ലാതിരിക്കുകയും അഹ്മദിയ്യായിട്ടും ജമാഅത്ത് വ്യവസ്ഥിതിയെ ആദരിക്കാതിരിക്കുകയും ജനങ്ങളോടുള്ള കടമ ശരിയായി നിർവ്വഹിക്കാതിരിക്കുകയും ചെയ്യുന്നവരുടെ വീട്ടിലായിരിക്കും ഖലീഫയ്ക്കെതിരിൽ വിമർശനമുണ്ടാകുന്നത്. ജമാഅത്ത് വ്യവസ്ഥിതികൾക്കും ജമാഅത്തിന്റെ ഭാരവാഹികൾക്കും അതീതരാണ് തങ്ങളെന്ന് അവർ കരുതുന്നു. അവർ ഭാരവാഹികളോട് പറയുന്നത് ഖലീഫ വരെ എത്തുന്നുണ്ടെന്ന കാര്യം അവരറിയുന്നില്ല. ജമാഅത്തിൽനിന്ന് എന്തെങ്കിലും തീരുമാനം അവർക്കെതിരിൽ വന്നാൽ ഇസ്തിഗ്ഫാർ അഥവാ പൊറുക്കലിനെ തേടുന്നതിന് പകരം ആക്ഷേപം ഉന്നയിക്കാൻ തുടങ്ങുന്നു. ആരോടെങ്കിലും പക്ഷപാതിത്വം കാണിച്ചുകൊണ്ടാണ് വിധി പുറപ്പെടുവിച്ചതെന്ന ആക്ഷേപം ആർക്കെങ്കിലുമുണ്ടെങ്കിൽ ഖലീഫയുടെ മുമ്പിൽ ആ പ്രശ്നം സമർപ്പിക്കാൻ അവർക്കവകാശമുണ്ട്. ജമാഅത്തിൽ, ഖിലാഫത്ത് വ്യവസ്ഥിതി നിലനില്ക്കുന്ന കാരണത്താലാണ് ഈ അവസരം ഉണ്ടാകുന്നത്. എന്നിട്ടും ചിലരുടെ വാക്ചാതുര്യവും സംസാരത്തിലുള്ള മികവും കാരണത്താൽ ആർക്കെങ്കിലുമെതിരിൽ വിധി ഉണ്ടായാൽതന്നെ അതംഗീകരിക്കേണ്ടതാണ്. അനാവശ്യമായി നിസാം അഥവാ വ്യവസ്ഥിതിയുടെമേൽ ആക്ഷേപമുന്നയിക്കാൻ പാടില്ല. കാരണം ഈ ആക്ഷേപം പിന്നീട് വളർന്നുവളർന്ന് വളരെ മുകളിലെത്തിച്ചേരുന്നു. അത്തരം സന്ദർഭങ്ങളിൽ ഈ ഹദീസ് എപ്പോഴും ഓർക്കേണ്ടതാണ്. നബി (സ) പറഞ്ഞു: തന്റെ സംസാരസാമർത്ഥ്യം കൊണ്ട് ആരെങ്കിലും എന്നിൽനിന്ന് തങ്ങൾക്കനുകൂലമായി വിധി സമ്പാദിക്കുന്നുവെങ്കിൽ- വാസ്തവത്തിൽ നീതി അവന്റെ പക്ഷത്തായിരിക്കുകയില്ല- അവൻ തീയുടെ കഷണമാണ് തന്റെ വയറ്റിൽ നിറയ്ക്കുന്നത്. ഇക്കാരണത്താൽ അവൻ തനിക്ക് നരകം നിർബ്ബന്ധമാക്കിയെടുക്കുന്നു. താമസിയാതെ അവനെ അല്ലാഹു ഈ ദുനിയാവിൽ കഠിനമായ ബുദ്ധിമുട്ടുകളിൽ അകപ്പെടുത്തുന്നതാണ്. പലരീതിയിലായിരിക്കും അത് വന്നുപിടിപെടുന്നത്. ഞാൻ ഭാരവാഹികളോട് പറഞ്ഞതുപോലെ നീതി എന്താണോ ആഗ്രഹിക്കുന്നത് അത് പൂർത്തിയാക്കിക്കൊണ്ട് അവർ തീരുമാനമെടുക്കേണ്ടതാണ്. പക്ഷെ, ഇരുകക്ഷികളോടും ഞാൻ പറയട്ടെ, നിങ്ങൾ സദ്ഭാവന വെച്ചുപുലർത്തുക. അഥവാ തീരുമാനം എതിരായാൽതന്നെ അത് അല്ലാഹുവിൽ അർപ്പിക്കുക. ഹദീസിൽ പറഞ്ഞതുപോലെ മറുകക്ഷിക്ക് തീക്കട്ട തിന്നാനുള്ള അവസരം കൊടുക്കുക. വഴക്കുകൾ വലിച്ചിഴച്ച് ദീർഘിപ്പിക്കുന്നതിനും മറ്റു സ്ഥലങ്ങളിൽ പറഞ്ഞു നടക്കുന്നതിനും പകരം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പാഠമനുസരിച്ച് പ്രവർത്തിക്കുക. അതായത്, സത്യവാന്മാരായിക്കൊണ്ട് കള്ളന്മാരെപോലെ താഴ്മ കാണിക്കുക. അല്ലാഹു എല്ലാവരിലും ഈ അവസ്ഥ ഉണ്ടാക്കുമാറാകട്ടെ. പരസ്പരം കടമകൾ നിർവ്വഹിക്കുന്നവരായിത്തീരട്ടെ. ഭാരവാഹികൾക്കും അമീർമാർക്കും വേണ്ടി ഒരു വിശദീകരണം നല്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ പാശ്ചാത്യനാടുകളിൽ- ഇത് സംബന്ധമായി ജൽസ പ്രഭാഷണത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്- കുടുംബവഴക്കുകൾ പെരുകിവരുന്നു. അറിവും സഹതാപവുമൊക്കെയുണ്ടായിട്ടും ഈ വഴക്കുകൾ പരിഹരിക്കുന്നതിന് ചില നിയന്ത്രണങ്ങൾ നിലനില്ക്കുന്ന കാരണത്താൽ ജമാഅത്തിന്റെ നിസാമിന് ഒന്നുംചെയ്യാൻ കഴിയുന്നില്ല. കാരണം സത്യവാന്മാരല്ലാതിരുന്നിട്ടും സർക്കാർ നിയമങ്ങൾ മുതലെടുത്തുകൊണ്ട് ചില ആളുകൾക്ക് ചില സന്ദർഭങ്ങളിൽ തങ്ങൾക്കനുകൂലമായി വിധി സമ്പാദിക്കാൻ കഴിയുന്നു. അതുകൊണ്ടുതന്നെ കൊടുംതണുപ്പുള്ള രാത്രിയിൽപോലും തങ്ങളുടെ ഭാര്യമാരെ വീട്ടിൽനിന്ന് ആട്ടിപ്പുറത്താക്കാൻ ഭർത്താക്കന്മാർക്ക് ധൈര്യമുണ്ടാകുന്നു. സ്വന്തം ഭാര്യയുടെ കയ്യിൽ കൈകുഞ്ഞാണെന്ന ബോധംപോലും അവർക്കുണ്ടാകുന്നില്ല. ഇതിന് മാതാപിതാക്കൾ കൂട്ടുനില്ക്കുകയും ചെയ്യുന്നു. അത്തരക്കാർക്കെതിരിൽ നിസ്സാമെ ജമാഅത്ത് സ്ത്രീകളെ സഹായിക്കേണ്ടതാണ്. ഇതിന് കേസ് രജിസ്റ്റർ ചെയ്യേണ്ടിവന്നാൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലാതെ, ജമാഅത്ത് തീരുമാനമെടുക്കും അതുകൊണ്ട് കേസിന് പോകുന്നില്ല എന്നൊന്നും ചിന്തിക്കരുത്. ജമാഅത്തിനുള്ളിൽ തീരുമാനമെടുക്കാൻ കഴിയുമെങ്കിൽ എടുക്കുക. കേസ് പിൻവലിക്കാൻ കഴിയുമല്ലോ. പക്ഷെ, മുന്നറിയിപ്പ് എന്ന നിലയിൽ തീർച്ചയായും റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിദേശത്ത് വന്ന് ആരോരുമില്ലാതെ താമസിക്കുന്ന നിസ്സഹായരായ സ്ത്രീകളുണ്ട്. അവരുടെ മാതാപിതാക്കൾ ഇവിടെയില്ല. അവർ വിവിധ വീടുകളെ ചുറ്റിപ്പറ്റിയാണ് ജീവിതം കഴിക്കുന്നത്. അവരുടേയും സംരക്ഷണം

ജമാഅത്ത് ഏറ്റെടുക്കേണ്ടതാണ്. അവർക്കുള്ള താമസസൗകര്യം ജമാഅത്ത് ഒരുക്കിക്കൊടുക്കേണ്ടതാണ്. അവർക്ക് വക്കീലിനെ ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണ്. പ്രശ്നങ്ങൾ മറച്ചുവെക്കുക എന്നത് വേറെ കാര്യമാണ്. അത്തരം അക്രമിയായ ഭർത്താവിന്നെതിരിൽ ജമാഅത്തിന് എന്ത് നടപടിയെടുക്കാൻ കഴിയുമോ എടുക്കേണ്ടതാണ്. ഇതിനായി അമേരിക്കയിലേയും കാനഡയിലേയും അമീർമാർ അത്തരം കേസുകളുടെ പട്ടിക തയ്യാറാക്കുക. ഇതുപോലെ മറ്റുചില പാശ്ചാത്യനാടുകളും ഉണ്ട്. ലജ്ന മുഖേനയും ഇക്കാര്യം അന്വേഷിക്കാവുന്നതാണ്. അത്തരം സ്ത്രീകൾക്ക് അവരുടെ അവകാശം വാങ്ങിക്കൊടുക്കുക. അവകാശം വാങ്ങിക്കൊടുക്കുന്ന കാര്യത്തിൽ ജമാഅത്ത് ഇടപെടുന്നില്ലെങ്കിൽ ആ സ്ത്രീകൾ എനിക്ക് നേരിട്ടെഴുതുക. അല്ലാഹുതആല നമ്മുടെ കടമകൾ നല്ലരീതിയിൽ നിറവേറ്റാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. തഖ്‌വയിലൂടെ നടന്ന് ജമാഅത്തിന്റെ പ്രവർത്തനനിരതമായ ഭാഗമായിത്തീരാൻ തൗഫീഖ് നല്കുമാറാകട്ടെ. ഏതൊരുദ്ദേശ്യത്തിനുവേണ്ടിയാണോ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ)നെ അയച്ചത് നാം അത് പൂർത്തിയാക്കുന്നവരായിത്തീരട്ടെ. അവിടന്ന് നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്ന ആ പരിശുദ്ധമായ മാറ്റം നാം നമ്മളിൽ ഉണ്ടാക്കുക. നാം സദ്മാതൃക നിലനാട്ടുന്നവരായിത്തീരട്ടെ; ഈ സദ്മാതൃക കാരണത്താൽ അന്യരും നമ്മളിലേക്ക് ശ്രദ്ധിക്കുമാറാകട്ടെ. ഇതുമുഖേന നബി(സ) യുടെ കൊടിക്കീഴിൽ ലോകത്തെ മുഴുവൻ അണിനിരത്താൻ നമുക്ക് തൗഫീഖ് കിട്ടുമാറാകട്ടെ.

ഇതിനുവേണ്ടി നമുക്ക് നമ്മുടെ ഈമാനും ഉറപ്പിച്ചുനിർത്തേണ്ടതായി വരും. ചിന്താഗതിയിൽ ഏതെങ്കിൽ വക്രതയുണ്ടെങ്കിൽ അത് തിരുത്തേണ്ടതായി വരും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. “മനുഷ്യൻ, പരിപൂർണ്ണനായ വിശ്വാസിയായിതീരുമ്പോൾ അവനും അന്യനും തമ്മിൽ ഒരു വ്യത്യാസം ഉണ്ടാകും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതുകൊണ്ട് ആദ്യം സത്യവിശ്വാസിയാവുക. ഇത് സംപ്രാപ്തമാകുന്നത് ദൈവഭയത്തിലും ഭയഭക്തിയിലുമധിഷ്ഠിതമായ ബയ്അത്തിന്റെ കറയറ്റ ഉദ്ദേശ്യലക്ഷ്യങ്ങളോടൊപ്പം ഭൗതികമായ ഉദ്ദേശ്യലക്ഷ്യങ്ങളെ കൂട്ടിക്കലർത്താതിരിക്കുമ്പോഴാണ്. നിസ്കാരം കൃത്യതയോടെ അനുഷ്ഠിക്കുക. തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകുക. മനുഷ്യകുലത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുക. ആരേയും പീഡിപ്പിക്കാതിരിക്കുക. സാത്വികതയിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടുക. അപ്പോൾ, അല്ലാഹു എല്ലാതരത്തിലും നിങ്ങളെ അന്യരിൽനിന്ന് വ്യത്യാസപ്പെടുത്തി നിർത്തുന്നതാണ്.” ഈ പ്രതീക്ഷയാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് നമ്മളിൽനിന്നുള്ളത്. ഭൗതികനേട്ടങ്ങൾക്കുവേണ്ടി ഒരാൾ മറ്റൊരാളുടെമേൽ അക്രമം പ്രവർത്തിക്കുന്നതിൽനിന്ന് നിങ്ങൾ രക്ഷപ്പെട്ടുകൊള്ളുക. സാത്വികതയിലും പരിശുദ്ധിയിലും അഭിവൃദ്ധിപ്പെടുക എന്നത് അല്ലാഹുവിനോളം എത്തുന്നതിനുള്ള മാർഗ്ഗമാണ്. കൂടാതെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിനുള്ള വഴിയുമാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നവരായിത്തീരുമ്പോൾ അല്ലാഹു നമ്മുടെയുള്ളിൽ ഖിലാഫത്തിന്റെ രൂപത്തിൽ തുടങ്ങിയിരിക്കുന്ന ആ വലിയ അനുഗ്രഹത്തിലും, പാരിതോഷികത്തിലും നാം ഭാഗഭാക്കായി തീരുന്നതാണ്. അഹ്മദിയ്യാ ഖിലാഫത്തിനെ നിലനിർത്തുന്നതിനായി എല്ലാവിധ ത്യാഗങ്ങൾക്കും സന്നദ്ധനാണെന്ന് വാദിക്കുകയും ഏതെങ്കിലും രീതിയിൽ ഖലീഫയെ വഞ്ചിക്കണമെന്ന വിചാരത്തോടെ പ്രവർത്തിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ നിയമം പ്രയോഗിക്കുന്നതാണ്. അക്രമി, അവന്റെ അക്രമം കാരണത്താൽ ഭൗതികചിന്താഗതിക്കാരായ ആളുകളിൽനിന്ന് രക്ഷപ്പെട്ടേക്കാം. കാരണം സൃഷ്ടികളുടെ അറിവ് പരിമിതമാണ്. അതുകൊണ്ട് ആളുകളിൽനിന്ന് രക്ഷപ്പെടാം. പക്ഷെ, അല്ലാഹുവിൽനിന്ന് രക്ഷപ്പെടാൻ സാദ്ധ്യമല്ല.

ഇതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തരും പരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. “നഫ്ലുകൾ എപ്പോഴും സൽക്കർമ്മങ്ങളുടെ പൂർത്തീകരണത്തിന് കാരണമായിത്തീരുന്നു. അതുതന്നെയാണ് അഭിവൃദ്ധിക്ക് കാരണം. അല്ലാഹു നിർബ്ബന്ധമാക്കിയിരിക്കുന്ന ദാനധർമ്മങ്ങൾ ചെയ്യുക എന്നതാണ് സത്യവിശ്വാസിയുടെ കടമ. ഓരോ നന്മയോടും വ്യക്തിഗതമായ ഒരു സ്നേഹം ഉണ്ടാകേണ്ടതാണ്. മറ്റുള്ളവരെ കാണിക്കുന്നതിനുവേണ്ടിയോ കൃത്രിമമായിട്ടോ അതാകരുത്. ഈ അവസ്ഥ സത്യവിശ്വാസിയുടെ കളങ്കമറ്റ ആത്മാർത്ഥതയേയും ദൃഢമായ ബന്ധത്തേയും പ്രകടിപ്പിക്കുന്നു. സത്യസന്ധവും ദൃഢതരവുമായ ഒരു ബന്ധം അല്ലാഹുവുമായിട്ടുണ്ടാകുന്നു. ആ നേരത്ത് അവൻ സംസാരിക്കുന്ന നാവായി അവൻ കേൾക്കുന്ന ചെവിയായി അവൻ പ്രവർത്തിക്കുന്ന കൈയായി അല്ലാഹു മാറുന്നു. ചുരുക്കത്തിൽ അവന്റെ ഓരോ പ്രവൃത്തിയും അവന്റെ അനക്കമടക്കവുമെല്ലാം അല്ലാഹുവിന്റേതായിത്തീരുന്നു. ആ നേരത്ത് അവനോട് ശത്രുത

പുലർത്തുന്നവൻ അവനോടല്ല അല്ലാഹുവിനോടാണ് ശത്രുത പുലർത്തുന്നത്." ഓരോ നന്മ ചെയ്യുമ്പോഴും വ്യക്തിഗതമായ സ്നേഹത്തോടുകൂടി ചെയ്യാനാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ഇത് ഉത്സാഹത്തോടു കൂടിയായിരിക്കണം. ഏതെങ്കിലും നിർബ്ബന്ധത്തിനു വഴങ്ങി ചെയ്യുന്നവനാകരുത്. കൃത്രിമവും കപടതയും അതിലുണ്ടാവാനും പാടില്ല. ദുനിയാവിനെ വഞ്ചിക്കാനും മറ്റുള്ളവരെ കാണിക്കാനും വേണ്ടിയുമായിരിക്കരുത്. നന്മ ചെയ്യുക, തഖ്‌വയിൽ നിലകൊള്ളുക എന്നതിന്റെ അർത്ഥമിതാണ്. ഇപ്രകാരം കർമ്മം ചെയ്യുമ്പോൾ അല്ലാഹുവിന്റെ പാരിതോഷികത്തിൽ ഭാഗഭാക്കാകും.

ഈ പാരിതോഷികങ്ങളിൽ ഭാഗഭാക്കാകുന്നതിന് മുടങ്ങാതെയും സ്ഥിരമായിട്ടുള്ളതുമായ കർമ്മമാവശ്യമാണ്. അതിലൂടെ ഒരു സത്യവിശ്വാസി സഞ്ചരിക്കണം. അല്ലാഹു നിങ്ങൾക്കെല്ലാം അതിന് തൗഫീഖ് നല്കുമാറാകട്ടെ. കഴിഞ്ഞ ദിനങ്ങളിലെ അനുഗ്രഹങ്ങളിൽനിന്ന് നിങ്ങൾക്ക് ലഭിച്ച വിഹിതം നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. സമൂഹത്തിലെ വിള്ളലുകൾ ഇല്ലാതാക്കുന്നവരായിത്തീരുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശം എപ്പോഴും ഓർമ്മവെച്ചുകൊള്ളുക. വളരെ വേദനയോടെ അവിടന്ന് ഒരിക്കൽ പറഞ്ഞു. നമ്മുടെ ജമാഅത്തിലെ ആളുകൾ എന്റെ ശിഷ്യന്മാരായിക്കൊണ്ട് എനിക്ക് ദുഷ്പേരുണ്ടാക്കുന്നവരാകരുത്. വീണ്ടും. അവിടന്ന് പറയുന്നു. നമ്മുടെ ജമാഅത്ത് അന്യരിൽ കാണാത്ത എന്തെങ്കിലും വ്യത്യാസം അവരുടെ ജീവിതത്തിൽ കാണിക്കേണ്ടതാണ്. ആരെങ്കിലും ബയ്അത്ത് ചെയ്ത് പോയിട്ട്, മറ്റുള്ളവരിൽനിന്ന് വ്യത്യാസപ്പെടുത്തുന്ന ഒരു കാര്യവും കാണിക്കുന്നില്ലെങ്കിൽ തന്റെ ഭാര്യയോട് ആദ്യമേ പെരുമാറി വന്നതുപോലെ ബയ്അത്തിന് ശേഷവും പെരുമാറുകയും ബന്ധുക്കളോട് ആദ്യമേ പെരുമാറി വന്നതുപോലെ ബയ്അത്തിനു ശേഷവും പെരുമാറുകയും ചെയ്താൽ അത് നല്ല കാര്യമല്ല. ബയ്അത്തിനുശേഷവും അതേ ദുസ്വഭാവവും ദുഷ്പെരുമാറ്റവും ബാക്കിനില്ക്കുകയാണെങ്കിൽ ആദ്യമുണ്ടായ അതേ അവസ്ഥ തന്നെ മാറ്റമില്ലാതെ തുടരുകയുമാണെങ്കിൽ പിന്നെ ബയ്അത്ത് ചെയ്തതുകൊണ്ടെന്ത് പ്രയോജനം? അന്യർക്കും ബന്ധുക്കൾക്കും അയൽവാസികൾക്കും ബയ്അത്തിനുശേഷം ഒരു മാതൃകയാവേണ്ടതാണ്. എങ്ങനെയുള്ള മാതൃക, "ഇപ്പോൾ ആദ്യമുള്ള ആളല്ല എന്ന് മറ്റുള്ളവർ പറയുംവിധമുള്ള മാതൃക കാണിക്കുക. നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക. സംശുദ്ധരായിക്കൊണ്ട് കർമ്മം ചെയ്താൽ മറ്റുള്ളവർക്ക് നിങ്ങളോട് ആദരയുക്തമായ ഭയം തീർച്ചയായും ഉണ്ടാകും."

അല്ലാഹുതആല ബയ്അത്തിന്റെ കടമ നിറവേറ്റാൻ എല്ലാവർക്കും സൗഭാഗ്യം നല്കുമാറാകട്ടെ. എപ്പോഴും നന്മയിൽ മുന്നോട്ട് ഗമിക്കുന്നവരായിത്തീരട്ടെ. അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റുന്നവരായിതീരട്ടെ. ഇങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ തണൽ നമ്മുടെ മേൽ എന്നെന്നും നിലനില്ക്കുമാറാകട്ടെ.

ഇവിടെ എന്റെ ഈ പര്യടനത്തിലെ ഇത് അവസാനത്തെ ജുമുഅയാണ്. ഞാൻ സംക്ഷിപ്തമായി പറയട്ടെ. ഇവിടെ പ്രകടിപ്പിച്ച കൂറും സ്നേഹവും ആത്മാർത്ഥതയും ഞാൻ നിങ്ങളിൽ കാണുകയും അനുഭവിക്കുകയും ചെയ്തു. ഇതെപ്പോഴും നിലനില്ക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ആത്മാർത്ഥതയും കൂറും വർദ്ധിച്ചിട്ടുള്ള നിങ്ങളിലെ അധികപേരും അവരുടെ മാതൃകയും സ്വാധീനവും കാരണത്താൽ ബലഹീനരായവരേയും ഒപ്പം മുന്നോട്ടുകൊണ്ടുപോകുന്നവരായിത്തീരട്ടെ. എല്ലാ ഫിത്നകളിൽനിന്നും സുരക്ഷിതരാകുമാറാകട്ടെ. അല്ലാഹു നിങ്ങളെ എല്ലാ കലഹങ്ങളിൽനിന്നും സുരക്ഷിതരാക്കുമാറാകട്ടെ. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം ഈ ഭാഗത്തുള്ളവർക്ക് എത്തിക്കാനും ഭാഗ്യം നല്കുമാറാകട്ടെ. അല്ലാഹുവിന്റെ സൃഷ്ടികൾക്ക് വഴി കാണിക്കുന്നവരായിത്തീരട്ടെ. നിങ്ങളിൽനിന്ന് എപ്പോഴും സന്തോഷത്തിന്റെ വർത്തമാനം അല്ലാഹു എനിക്കെത്തിച്ചുതരുമാറാകട്ടെ. ഖുദാഹാഫിള്. അസ്സലാമുഅലയ്ക്കും.

Jumua Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
1.7.2005
at
Toronto, Canada

വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala